

**1. ആദ്യഫലപ്പെരുന്നാളും ലേലത്തിനുള്ള ഒരുക്കങ്ങളും**

ഏരിയ പ്രയർ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വാർഷിക സ്തോത്രദാന ശുശ്രൂഷ നവംബർ 14,21,28 ഞായറാഴ്ചകളിൽ ഏറ്റവും അനുഗ്രഹീതമായി നടന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. തുടക്കത്തിൽ കാലാവസ്ഥ പ്രതികൂലം ആയിരുന്നെങ്കിലും ശക്തമായ പ്രാർത്ഥനയിൽ മഴ മാറി നിന്നു; സ്തോത്രം. ആദ്യഫലപ്പെരുന്നാൾ ലേലം, ഒരേ സമയം തന്നെ ഓൺലൈൻ, ഓഫ് ലൈൻ രീതികളിൽ നടത്താൻ ഒരുക്കങ്ങൾ പൂർത്തി ആയി. ഇടവകയുടെ ചരിത്രത്തിൽ ആദ്യമായി നടത്തുന്ന ഈ സംരംഭത്തിനു വേണ്ടി വളരെ അദ്ധ്വാനിക്കുന്ന ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളെയും ഇതിനായി ഉപയോഗിക്കുന്ന എല്ലാ സംവിധാനങ്ങളെയും ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. ഡിസംബർ 5-ലെ ആരാധനയിൽ സംബന്ധിക്കാൻ സാധിക്കാത്ത അംഗങ്ങൾക്ക്, ഭവനത്തിൽ ഇരുന്ന് ഓൺലൈൻ ലേലത്തിൽ പങ്കെടുക്കാൻ ഒരു പുതിയ WhatsApp ഗ്രൂപ്പിൽ ചേരേണ്ടതായുണ്ട്. ഇതിന്റെ വിശദാംശങ്ങൾ മെസേജ് ചെയ്യുന്നതാണ്.

**2. സ്തോത്ര വഴിപാടിന്റെ വരവ് കണക്കും ഭക്ഷണക്രമീകരണങ്ങളും**

ഇത് വരെ തപാലിൽ അയച്ച 752 കവറുകളിൽ 453 എണ്ണം സ്തോത്രദാനമായി സമർപ്പിക്കപ്പെട്ടു കഴിഞ്ഞു. അതിൽകൂടെ നവംബർ 30 വരെ 25,23101 രൂപ ലഭിച്ചു എന്നതിനായി ദൈവത്തെ സ്തുതിക്കുന്നു. ലഭിച്ച കവറുകളിലെ പേര് വിവരങ്ങളും, കണക്കുകളും എല്ലാം അന്നന്നു തന്നെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നു. ഏതെങ്കിലും കാരണവശാൽ കവർ സമർപ്പിക്കാൻ സാധിക്കാത്ത അംഗങ്ങൾ എത്രയും വേഗം നന്തൻകോട്ടെ ഓഫീസിൽ എത്തിക്കുകയോ, രജിസ്റ്റേർഡ് തപാൽ ആയി അയക്കുകയോ, ഓൺലൈൻ ആയി പണം അയക്കുകയോ ചെയ്യേണമേ എന്ന് അപേക്ഷിക്കുന്നു. ഡിസംബർ 5-ലെ ഭക്ഷണം പാക്ക് ചെയ്ത് നൽകുന്നതിന് FSSAI ലൈസൻസ് ഉള്ള കേറ്ററിംഗ് ഏജൻസിയെ ഏല്പിച്ചു എന്ന് അറിയിക്കട്ടെ. പ്രഭാതഭക്ഷണത്തിന് അപ്പവും ചിക്കൻ സ്റ്റ്യൂവും ഉച്ചഭക്ഷണത്തിന്

ചിക്കൻ ബിരിയാണിയുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഭക്ഷണ വിതരണത്തിൽ വരുത്തേണ്ടി വന്ന ചില മാറ്റങ്ങളോട് ഏവരും സഹകരിക്കണം എന്ന് അപേക്ഷിക്കുന്നു. രാവിലെയും ഉച്ചക്കും ഭക്ഷണം നൽകുന്ന കൗണ്ടറിൽ കൂപ്പൺ ഏല്പിക്കേണ്ടതാണെന്നും പ്രത്യേകം ഓർക്കുമല്ലോ.

**3. വിമൻസ് ഫെലോഷിപ്പ് സ്റ്റാളിന്റെ പ്രവർത്തനം**

നവംബർ 14 മുതൽ ഡിസംബർ 5 വരെ നാല് ഞായറാഴ്ചകളിലും വിമൻസ് ഫെലോഷിപ്പ് സംഘടിപ്പിച്ചിരിക്കുന്ന സ്റ്റാളിലേക്ക് വളരെ നല്ല പ്രതികരണമാണ് ലഭിച്ചത് എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ. മറ്റെല്ലാം മാറ്റി വെച്ച്, ഇതിനായി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്ന എല്ലാ വിമൻസ് ഫെലോഷിപ്പ് പ്രവർത്തകരെയും വ്യത്യസ്ഥ വിഭവങ്ങൾ ദാനം ചെയ്യുകയും, അവ വാങ്ങി സഹായിക്കുകയും ചെയ്യുന്ന എല്ലാ സഭാ അംഗങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**4. നവംബർ 7 മുതൽ ഞായർ ആരാധനകൾക്ക് പഴയസമയക്രമം**

കോവിഡ് നിയന്ത്രണങ്ങൾക്ക് കുറെക്കൂടെ ഇളവുകൾ വന്നതിനാൽ നവംബർമാസം മുതൽ പഴയ ആരാധനാ സമയക്രമത്തിലേക്ക് മാറാൻ സഹായിച്ചതിനായി ദൈവത്തെ സ്തുതിക്കുന്നു. നവംബർ 7 സൺഡേ സ്കൂൾ ഞായർ, നവംബർ 14 പെൺശിശു ഞായർ എന്നിവ ആചരിച്ചപ്പോൾ അനുഗ്രഹീത സന്ദേശങ്ങൾ നല്കിയ (സൺഡേസ്കൂൾ ഞായർ: രാജിയ ദീപക്, ബിജോയ് എബ്രഹാം, പെൺശിശു ഞായർ: നൈന വർഗ്ഗീസ്, റേച്ചൽ ഫിലിപ്പ്) എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

**5. ഹരിത ഭവനം അവാർഡും സമ്മാനങ്ങളും**

ലോക്ഡൗൺ കാലത്തെ പരിമിതികൾക്കിടയിലും സഭയുടെ ഹരിത ഭവനം അവാർഡും സമ്മാനങ്ങളും നേടുവാൻ വളരെ നല്ല പ്രതികരണം ആയിരുന്നു എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ; അവാർഡും സമ്മാനങ്ങളും കരസ്ഥമാക്കിയ എല്ലാവരെയും സഭയുടെ അനുമോദനങ്ങൾ അറിയിക്കുന്നു. ഡിസംബർ 12 ഞായറാഴ്ച, മലയാളം ആരാധനക്ക് ശേഷം അവാർഡുകളും സമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്.

**6. പ്രൊഫിഷ്യൻസി അവാർഡ് 2021: അപേക്ഷിക്കാൻ കഴിയാഞ്ഞ വിദ്യാർത്ഥികൾക്ക് ഒരു അവസരം കൂടെ നല്കി**

ചില പ്രത്യേക കാരണങ്ങൾ കൊണ്ട് പ്രൊഫിഷ്യൻസി അവാർഡിന് അപേക്ഷിക്കാൻ സാധിക്കാതെ പോയ ചില വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാനായി ഒരു അവസരംകൂടി നല്കിയപ്പോൾ 14 വിദ്യാർത്ഥികൾ കൂടെ പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ്, ക്യാഷ് അവാർഡ് എന്നിവയ്ക്ക് അർഹരായി എന്നും ഡിസംബർ 5 നു സംയുക്ത ആരാധന കഴിഞ്ഞ് അവ വിതരണം ചെയ്യുന്നതാണെന്നും അറിയിക്കട്ടെ. സമ്മാനാർഹരായ വിദ്യാർത്ഥി കളുടെ പേര് വിവരങ്ങൾ 14-ാം പേജിൽ കൊടുത്തിട്ടുള്ളത് കാണുക. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ വർഷത്തേക്ക് മാത്രം ചെയ്ത ഈ നടപടി ഒരിക്കലും ഒരു കീഴ്‌വഴക്കം ആകുകയില്ല എന്നും വിനീതമായി അറിയിക്കട്ടെ.

മേല്പറഞ്ഞ നമ്മുടെ പ്രത്യേക വിഷയങ്ങളെല്ലാം ഒരിക്കൽ കൂടെ എല്ലാവരുടെയും പ്രാർത്ഥനകൾക്കായി സമർപ്പിച്ചുകൊണ്ട് പ്രാർത്ഥനകളോടെ,

**തോമസ് ബിജു മാത്യു**
**ചർച്ച് സെക്രട്ടറി**

---

## TIDINGS

To facilitate the Editorial Board to bring out our monthly News Bulletin on the first Sunday of every month, it is again our repeated request that all the data, news and photosare forwarded latest by 20th of the preceding month. The Secretary's of all Church Organizations and Conveners of Area prayer Groups may pay special attention, failing which we may not be able to include the details.